# തിരസ്കൃത സ്ത്രീത്വത്തിന്റെ നിലവിളി

ഡോ. വത്സലൻ വാതുശ്ശേരി

'പൂതപ്പാട്ടി'ലെ പ്രധാന കഥാപാത്രങ്ങൾ പൂതവും അമ്മയും ആണ്. വിരുദ്ധം എന്നു പറയാവുന്ന തരത്തിൽ വ്യത്യസ്തമായ രണ്ട് സാമൂഹിക വിഭാഗങ്ങളുടെ പ്രതിനിധികളാണ് അവർ. അവരുടെ പ്രകൃതം, വേഷം, ആവാസസാഹചര്യങ്ങൾ, ജാതി, വർഗം എന്നിവയെല്ലാം തികച്ചും വ്യത്യസ്തങ്ങളാണ്. അമ്മ ഉപരിവർഗത്തെയും ജാതിശ്രേണിയിലെ ഉയർന്ന നിലയെയും പ്രതിനിധീകരിക്കുമ്പോൾ പൂതം താഴ്ന്ന ജാതിയെയും ഏററവും താഴെത്തട്ടിലുള്ള സാമൂഹികനിലയെയും പ്രതിനിധീകരിക്കുന്നു. സമൂഹത്തിന്റെ പൊതുധാരയിൽനിന്ന് പുറന്തള്ളപ്പെട്ട, തിരസ്കൃതയായ ഒരു ദളിത് സ്ത്രീയുടെ അനുഭവങ്ങളോടാണ് പൂതത്തിന്റെ ജീവിതവും ജീവിതാസക്തികളും അടുപ്പം പുലർത്തുന്നത്.

പൂതത്തിന്റെയും അമ്മയുടെയും ആവാസസ്ഥാനങ്ങൾ തന്നെ നോക്കുക. 'പറയന്റെ കുന്നിന്റെയങ്ങേച്ചെരിവിലാണ് 'പൂതത്തിന്റെ താമസം. പറയന്റെ കുന്ന് എന്നത് ജാതീയമായ ഒരു ഇടംകൂടിയാണ്. ജാതീയമായി പതിത്വം കൽപ്പിക്കപ്പെടുന്ന ഒരു ജനവിഭാഗം ജീവിക്കുന്ന സ്ഥലമാണിത്. എന്നാൽ, പറയന്റെ കുന്നുമല്ല, അതിന്റെയും അങ്ങേച്ചെരിവിലാണ് പൂതത്തിന്റെ ഇടം. പറയന്റെ കുന്നിൽപ്പോലും അവർക്ക് ഇടം അനുവദിക്കപ്പെട്ടിട്ടില്ല എന്നർഥം. പൂതം താമസിക്കുന്നതോ, വീട്ടിലല്ല, ഒരു പാറക്കെട്ടിന്റെ അടിയിലാണ്. സ്വന്തമായി വീടില്ലാത്ത, വീട്ടുകാരും തുണയുമില്ലാത്ത ഒരു കഥാപാത്രം. പകൽ മുഴുവൻ പാറക്കെട്ടിലാണ് പൂതത്തിന്റെ പാർപ്പ് എന്ന് കവി പറയുന്നുണ്ട്. അതിനർഥം പകൽസമയം പുറത്തിറങ്ങാനാവാത്ത, ആൾക്കൂട്ടത്തിന് മുമ്പിൽ പ്രത്യക്ഷപ്പെടാനാവാത്ത ഒരുതരം ബഹിഷ്കൃതജീവിതമാണ് പൂതം നയിക്കുന്നതെന്നാണ്. ഈ പൂതം ഒരു ദുഷ്ടയോ ധീരയോ ശക്തയോ അല്ല. പൈക്കളെ മേയ്ക്കുന്ന ചെക്കന്മാർ പച്ചിലപ്പൂന്തണൽ പൂകുന്ന ഘട്ടത്തിൽ മാത്രമാണ് 'ഒററയ്ക്കു മേയുന്ന പയ്യിൻ മുലകളെ' അവൾ ഒളിച്ചുവന്ന് കുടിക്കുന്നത്. പൈക്കളെ മേയ്ക്കുന്ന ചെക്കന്മാരെപ്പോലും നേരിടാൻ ധൈര്യമില്ലാത്ത, ലോകത്തെ പേടിച്ചു കഴിയുന്ന, ഒരു സ്ത്രീയാണ് ഇവിടെ പൂതം. ലോകത്തിന്റെ കണ്ണുകളിൽനിന്ന് മറഞ്ഞിരിക്കാൻ ബദ്ധശ്രദ്ധയായ, സദാ അതിന് നിർബന്ധിതയായ, ഏതോ തരത്തിൽ സാമുദായിക ഭ്രഷ്ട് കൽപ്പിക്കപ്പെട്ട ഒരു ദളിത് സ്ത്രീയുടെ പ്രതീതിയാണ് ഇവിടെയെല്ലാം പൂതം ഉണർത്തുന്നത്.

സാമുദായികഭ്രഷ്ട് കൽപ്പിക്കപ്പെട്ടു മനുഷ്യൻ പാർക്കുന്ന ലോകങ്ങൾക്കകലെ ഒളിച്ചു ജീവിക്കുന്ന ഒരു സ്ത്രീയാണ് പൂതപ്പാട്ടിലെ പൂതം. ഇങ്ങനെയുള്ള ഒരു സ്ത്രീയെപ്പററി ലോകം പലതരം കെട്ടുകഥകൾ ഉണ്ടാക്കുക സ്വാഭാവികമാണ്. ഈ കെട്ടുകഥകളിലാണ് തിരസ്കൃതയായ ആ സ്ത്രീ ഒരു പൂതമായി പരിണമിക്കുന്നത്. ഒരുപക്ഷേ, പഴയകാലത്തെന്നോ സാമുദായിക ഭ്രഷ്ട് കൽപ്പിക്കപ്പെട്ട ഒരു സ്ത്രീയാവണം പൂതം എന്ന മിത്തിന് തുടക്കം കുറിച്ചത്. ലോകത്തെ പേടിച്ച് ഒളിച്ചു നടക്കുന്ന പൂതം പക്ഷേ, ലോകത്തെ സംബന്ധിച്ചും ഒരു പേടിസ്വപ്നമാണ്. അസംതൃപ്തയായ നിരവധി ആഗ്രഹങ്ങളും പേറിയാണ് അവളുടെ ഒളിവുജീവിതം. അവസരം ലഭിച്ചാൽ, ആ ആഗ്രഹങ്ങളുടെ പൂരണത്തിനായി അവൾ തങ്ങളുടെ സ്വസ്ഥജീവിതത്തിലേക്ക് കടന്നു കയറുമെന്ന്, തങ്ങളുടെ ആൺമക്കളെ കാമസംപൂർത്തിക്കായി വശീകരിക്കുമെന്ന്, മാതൃത്വത്തിന്റെ ആവേശത്തിൽ തങ്ങളുടെ കുഞ്ഞുങ്ങളെ തട്ടിക്കൊണ്ടുപോകുമെന്ന് ലോകം ഭയക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ആ സ്ത്രീയെപ്പററി പേടിപ്പെടുത്തുന്ന കഥകളുണ്ടാക്കേണ്ടത് അവരുടെ സ്വസ്ഥ ജീവിതത്തിന്റെ ഒരാവശ്യമാണ്. അങ്ങനെ അവർ അപകടകാരിയായ ഒരു ഭീകരകഥാപാത്രമായി ആ തിരസ്കൃതസ്ത്രീത്വത്തെ സ്ഥാപിച്ചെടുക്കുന്നു.

ഈ രീതിയിൽ തിരസ്കൃതയായ ഒരു സ്ത്രീ സ്വാഭാവികമായിത്തന്നെ ചില വിധ്വംസക സ്വഭാവങ്ങൾ പ്രകടിപ്പിച്ചേക്കാം. അസംതൃപ്തയായ അവൾ കാമശമനത്തിനായി വഴിയേ പോകുന്ന കുമാരന്മാരെ വശീകരിച്ചേക്കാം. തന്റെ ജീവിതഗതിതന്നെ തെററിച്ച ലോകരുടെ വഴി തെററിച്ചേക്കാം. തന്റെ വിരസജീവിതത്തെ ഏതെങ്കിലും തരത്തിൽ സജീവമാക്കാനുള്ള ശ്രമത്തിലാവണം അവൾ കുമാരന്മാരെ വശീകരിക്കുന്നതും വഴിയാത്രക്കാരെ വഴിതെററിക്കുന്നതും. ഇത്തരം ചില കുറുമ്പുകളെങ്കിലുമില്ലാതെ എങ്ങനെയാണ് ഇത്തരമൊരു സ്ത്രീക്ക് ജീവിക്കാനാവുക? ഒരു പ്രതികാരത്തിന്റെ സുഖം അതിലൂടെ അവൾ അനുഭവിക്കുന്നുണ്ടാവും.

ഇനി 'പൂതപ്പാട്ടി'ലെ അമ്മയെ കാണുക. വരേണ്യജീവിതത്തിന്റെ തികഞ്ഞ മാതൃകയാണ് ഈ അമ്മ. ആററിൻവക്കത്തെ മാളികവീട്ടിലാണ് അവരുടെ താമസം. സമൃദ്ധവും സുഭിക്ഷവുമായ ജീ

വിതം. പൊന്ന് എന്ന ബിംബത്തിന്റെ ആവർത്തനത്തിലൂടെ ഈ സുഭിക്ഷതയെ, അതിന്റെ അടിസ്ഥാനമായ വരേണ്യതയെ കവി തെളിച്ചു കാണിക്കുന്നുണ്ട്. ഉണ്ണിക്കു പൊന്നുകൊണ്ട് അരയിൽ കിങ്ങിണി, പൊന്നുകൊണ്ട് കടുക്കൻ, തങ്കക്കട്ടിലിൽ പട്ടുവിരിപ്പിട്ട് കിടപ്പ്, പൊൻപിടിയുള്ള എഴുത്താണി, പൊന്നിൻകുടം പോലെ ഉണ്ണിയുടെ നിറം. ഇതിൽനിന്ന് എത്രയോ വ്യത്യസ്തമാണ് പൂതത്തിന്റെ പ്രകൃതവും ജീവിതവും. നിറം കറുപ്പ്, ചെമ്പിച്ച തലമുടി. കാതിലും കഴുത്തിലും പിച്ചളകൊണ്ടുള്ള ആഭരണങ്ങൾ. താമസിക്കുന്നത് പാറക്കെട്ടിൽ. ഇങ്ങനെ എല്ലാതരത്തിലും വിരുദ്ധമായ ജീവിതാവസ്ഥകളാണ് പൂതത്തിനും അമ്മയ്ക്കുമുള്ളത്.

പൂതം ഒരു സ്ത്രീയാണ്. മാതൃത്വം അവരുടെ അന്തർദാഹവും. ഈ അന്തർദാഹമാണ് ഉണ്ണിയെ കാണുമ്പോൾ അവരിൽ ഉണർന്നുവരുന്നത്. അവർ ഉണ്ണിയെ അപഹരിക്കുന്നത് ചോര കുടിക്കാനല്ല, മാതൃത്വത്തിന്റെ ആനന്ദത്തിനു വേണ്ടിമാത്രമാണ്. അഥവാ ആത്മീയമായ നിലനിൽപ്പിനു വേണ്ടിമാത്രം. തന്റെ ഏകാന്തവും ഭ്രഷ്ടവുമായ ജീവിതത്തിനു മുമ്പിൽ അപ്രതീക്ഷിതമായി വീണുകിട്ടിയ പ്രലോഭനമാണ് ഉണ്ണി. വരേണ്യവിഭാഗത്തിനുള്ളതും തനിക്കില്ലാത്തതുമായ ഒരു സ്വത്ത്. അത് സ്വന്തമാക്കാനുള്ള പൂതത്തിന്റെ ആസക്തിയിൽ കേവലം സ്വാർഥത മാത്രമാണുള്ളതെന്നു തോന്നാം. എന്നാൽ, ആ സ്വാർഥതയ്ക്കപ്പുറത്ത് ഇത്തരം സുഖങ്ങളിൽ നിന്നെല്ലാം തന്നെ ബഹിഷ്കരിച്ച ലോകത്തോടുള്ള ഒരു പ്രതിഷേധവും ഉണ്ട്. തനിക്ക് നിഷേധിക്കപ്പെട്ട ഒരു സുഖം, ഒരു സ്വത്ത് സ്വന്തമാക്കുകയാണ് അതിലൂടെ പൂതം ചെയ്യുന്നത്.

എന്നാൽ, ആ ശ്രമത്തിൽ പൂതം തികച്ചും പരാജയപ്പെടുകയാണ് ചെയ്യുന്നത്. സ്ത്രീസഹജമായ അലിവാണ് ആ പരാജയത്തിലേക്ക് പൂതത്തെ തള്ളിവിടുന്നത്. അടിസ്ഥാനപരമായ ഒരു വൈകാരീകാവശ്യംപോലും സഫലമാക്കാനാവതെ ജീവിതത്തിലുടനീളം പരാജയപ്പെട്ടു പോവുന്ന, സമൂഹത്തിന്റെ എല്ലാ സുഖഭോഗങ്ങളിൽനിന്നും തീർത്തും ബഹിഷ്കൃതയാക്കപ്പെടുന്ന ഒരു ദയനീയ കഥാപാത്രമാണ് പൂതം. അശാന്തയും അസംതൃപ്തയും പരാജിതയുമായ ആ തിരസ്കൃത സ്ത്രീത്വത്തിന്റെ നിലയ്ക്കാത്ത നിലവിളിയാണ് 'പൂതപ്പാട്ടി'ന്റെ അവസാനംവരെയും നമ്മൾ കേൾക്കുന്നത്.

പൂതം തന്റെ കുഞ്ഞിനെ സ്വന്തമാക്കുമ്പോൾ വൈകാരികമായ ആയുധങ്ങളുപയോഗിച്ചാണ് അമ്മ അതിനെ ചെറുക്കുന്നത്. ഈ ആയുധങ്ങൾക്ക് മുൻപിലാണ് പൂതം പരാജയപ്പെടുന്നതും. ഇതിന്റെ രാഷ്ട്രീയമായ ഊന്നലുകളെന്ത് എന്ന് പരിശോധിക്കേണ്ടതുണ്ട്. സാമൂഹികവിപ്ലവങ്ങൾക്ക് പല കവിതകളിലും ആഹ്വാനം ചെയ്യുന്നുണ്ടെങ്കിലും കേരളീയന്റെ പൊതുബോധം ലോലവികാരങ്ങൾക്കടിപ്പെട്ട് വിപ്ലവമാർഗത്തിൽനിന്ന് അതിവേഗം പിന്തിരിയുന്നതാണെന്ന് ഇടശ്ശേരി മനസ്സിലാക്കിയിട്ടുണ്ട്. ആർദ്രതയുടെയും അതുപോലുള്ള ലോലവികാരങ്ങളുടെയും മുമ്പിൽ സമരവീര്യം ചോർന്നുപോവുന്ന ഒരു പാവത്താൻ ഓരോ ശരാശരി ഇന്ത്യക്കാരനിലുമുണ്ട്. മഹാഭാരതത്തിലെ അർജുനൻ ഇതിന്റെയൊരു മാതൃകമാത്രം. ഇന്ത്യയിൽ ഗാന്ധിജിയുടെ അഹിംസാമാർഗം ഒരളവിൽ വിജയിക്കുന്നതും അടിച്ചമർത്തപ്പെട്ടവരുടെ സായുധസമര രീതികൾ പരാജയപ്പെടുന്നതും ഇതുകൊണ്ടാണ്. നമ്മുടെ ദളിത്-ഗോത്രവർഗ മുന്നേററങ്ങൾക്കും കീഴാളരുടെ ഉയർത്തെഴുന്നേൽപ്പിനും മററും എക്കാലവും തടസമായിരിക്കുന്നത് മനുഷ്യസഹജമായ ആർദ്രതയാണ്. വൈകാരികമായ ആയുധംകൊണ്ട്-സ്നേഹം, കാരുണ്യം, ദയ, അഹിംസ തുടങ്ങിയ സാത്വികമായ വാക്കുകൾ കൊണ്ട് -അതിലൊന്ന് തൊട്ടാൽ മതി വിപ്ലവത്തിന്റെ വീര്യം മുഴുവൻ ചോർന്നുപോവാൻ. പൂതത്തിന്റെ സായുധസമരത്തെ സഹനസമരത്തിലൂടെ എതിരിട്ട് ജയിക്കുന്ന അമ്മയിലൂടെ ഇടശ്ശേരിയുടെ രാഷ്ട്രീയമായ ഒരു കാഴ്ചപ്പാട് തെളിഞ്ഞുവരുന്നുണ്ട്. സായുധവിപ്ലവത്തോട് അനുഭാവമുണ്ടെങ്കിലം അതിനുവേണ്ടി പലപ്പോഴും ആഹ്വാനം ചെയ്യുന്നുണ്ടെങ്കിലും ഗാന്ധിമാർഗത്തിന്റെ വിജയം കാംക്ഷിക്കുന്ന ഒരു ഗാന്ധിയൻ ഇടശ്ശേരിയിൽ മറഞ്ഞിരിക്കുന്നുണ്ടെന്ന് ഇത് തെളിയിക്കുന്നു.